# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2446 05.11.2019- ൽ മറുപടിക്ക്

### സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ.വി.വിജയദാസ് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്തിനെ വ്യവസായ സൗഹൃദമാക്കുന്നതിനായി, അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിലെ ഏഴ് ആക്ടുകളിൽ ആവശ്യമായ ഭേദഗതി വരുത്തി 2018 -ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട് എന്ന പേരിൽ നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നുള്ള ആവശ്യമായ ലൈസൻസുകൾ / ക്ലിയറൻസുകൾ ലഭിക്കുന്നതിലേക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.<br><br>മികച്ച സംരംഭകരെ വളർത്തിയെടുക്കുന്നതിലേക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി ക്ലബുകൾ സ്ഥാപിച്ചു. കൂടുതൽ പേരെ സംരംഭകർ ആക്കുന്നതിലേക്കായി താലൂക്ക് ജില്ലാ തലങ്ങളിൽ സംരംഭകത്വ വികസന പരിശീലന പരിപാടികൾ, വിവിധ മേഖലകളിൽ സാങ്കേതിക പരിശീലനങ്ങൾ, നൈപുണ്യ പരിശീലനങ്ങൾ, നിക്ഷേപക സംഗമം എന്നിവ നടത്തി വരുന്നു.<br><br>വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 39 വ്യവസായ എസ്റ്റേറ്റുകൾ/ പ്ലോട്ടുകൾ എന്നിവയിൽ പരമാവധി, യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്. PPP മോഡലിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ വ്യവസായ യൂണിറ്റുകൾക്ക് അനുവദിക്കുന്നതിലേക്കായി ബഹുനില സമുച്ചയങ്ങൾ നിർമ്മിച്ച് വരുന്നുണ്ട്.<br><br>മേൽ വിവരിച്ചതിനു പുറമെ 2017 -18 മുതൽ നാനോ ഹൗസ് ഹോൾഡ് പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതിയും, തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരുദ്ധാരണ പദ്ധതിയും, ആർട്ടിസാൻസ് മേഖലയിലെ യൂണിറ്റുകൾക്ക് ആശാ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. 2012-13 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സംരംഭക സഹായ |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം ഉത്പാദന മേഖലയിലെ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സ്ഥിരമൂലധനത്തിന് സബ്സിഡി അനുവദിച്ച് വരുന്നുണ്ട്. |
| ബി) | ഈ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം ധനസഹായമാണ് ഈ സർക്കാർ , നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്കായി സംരംഭക സഹായപദ്ധതി, നാനോ/ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി എന്നീ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| സി) | പ്രളയബാധിത മേഖലകളിൽ സൂക്ഷ്മ-ചെറുകിട സംരംഭകരുടെ വായ്പകൾക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) | റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് അനുസൃതമായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രളയബാധിത മേഖലകളിലെ സൂക്ഷ്മ-ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ഒരു വർഷം മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| ഡി) | പ്രളയം ബാധിച്ച സംരംഭങ്ങളിൽ നിക്ഷേപവും തൊഴിലും പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം ' നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) | 2018 -ൽ പ്രളയം ബാധിച്ച എം.എസ്.എം.ഇ കളെ പുനരുദ്ധരിക്കാൻ ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഉജ്ജീവന സഹായ പദ്ധതി: 17/12/2018 ലെ സ.ഉ.(കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>കൂടാതെ 2019-20-ൽ നടപ്പിലാക്കി വരുന്ന വ്യവസായ വകുപ്പിന്റെ ബഡ്ജറ്റിൽ പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി), പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി) എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ